**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1377 | | 06.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| | പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, കവറുകൾ | | |
| | ചോദ്യം | | ഉത്തരം |
| | ശ്രീ.മഞ്ഞളാംകുഴി അലി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | നിശ്ചിത മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളും കവറുകളും നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇവ ഉപയോഗിക്കുന്ന വ്യാപാര സ്ഥാപനങ്ങൾക്കെതിരെ സർക്കാർ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചു വരുന്നത്; | (എ) | ഉണ്ട്. കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെൻറ് റൂൾസ് 2016 ൻറെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് 24.09.2016-ലെ 576/ഡി.സി.1/16/തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ വില്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വില്പന നടത്താൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വില്പന സാധനങ്ങൾ പ്ളാസ്റ്റിക് ക്യാരിബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്നും, ഒരു മാസം കുറഞ്ഞത് 4000/- (നാലായിരം) രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്ക് 48000/- (നാല്പത്തെണ്ണായിരം) രൂപ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി ഈടാക്കി മേൽ പ്രകാരം രജിസ്ററർ ചെയ്യുന്നതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കണമെന്നും പ്രസ്തുത സർക്കുലറിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള ഉത്തരവാദിത്വം അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. നിരോധിത പ്ലാസ്റ്റിക് ക്യാരി ബാഗുകൾ വിതരണം ചെയ്യുന്നതായി കണ്ടെത്തുന്ന സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ബദൽ സംവിധാനങ്ങളായ പേപ്പർക്യാരി ബാഗുകളും തുണിസഞ്ചികളും ആവശ്യത്തിന് ലഭ്യമാക്കാതെ ഇത്തരത്തിൽ നിരോധനം ഏർപ്പെടുത്തിയത് പൊതുജനങ്ങൾക്കും വ്യാപാരികൾക്കും വളരെയേറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | 50 മൈക്രോണിൽ കുറഞ്ഞ പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് മാത്രമാണ് നിരോധനമുള്ളത്. അതിനാൽ പൊതുജനങ്ങൾക്കും വ്യപാരികൾക്കും നിലവിൽ ബുദ്ധിമുട്ട് ഉണ്ടാകുന്നില്ല. |
| (സി) | എങ്കിൽ നിരോധിക്കുന്ന പ്ലാസ്റ്റിക്കിന് ആവശ്യമായ ബദൽ സംവിധാനം ഒരുക്കുന്നതിന് സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ